**പോലീസ് വകുപ്പ്**

**കേരളം**

# PROCEEDINGS OF THE DEPUTY COMMISSIONER OF POLICE (LAW & ORDER AND TRAFFIC)

**സിറ്റി പോലീസ് ഓഫീസ്, തിരുവനന്തപുരം**

**സാന്നിദ്ധ്യം : നിധിൻരാജ് പി ഐ.പി.എസ്**

വിഷയം : അച്ചടക്ക നടപടി - ശ്രീ അരുൺ വിജയ് .വി, CPO 17524 (PEN 784619) തിരുവനന്തപുരം സിറ്റി ഡി.എച്ച്.ക്യൂ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തത് സംബന്ധിച്ച വാച്യാന്വേഷണം - ഉത്തരവാകുന്നത് സംബന്ധിച്ച്:

സൂചന : 1) 20.09.2022 തീയതിയിലെ സ.ഉ. (സാധാ) നം. 2592/2022/Home സർക്കാർ ഉത്തരവ്

2) സംസ്ഥാന പോലിസ് മേധാവിയുടെ കത്ത് നമ്പർ E5-207985/2023/പി. എച്.ക്യൂ തീയതി 06-12-2023

3) 27-12-2023 ലെ തിരുവനന്തപുരം ഡി എച്ച് ക്യൂ കമാൻഡൻറ് ൻറെ GL/4431/2023 CMT നമ്പർ റിപ്പോർട്ട്.

4) തിരുവനന്തപുരം സിറ്റി ഡെപ്യൂട്ടി കമ്മിഷണർ ഓഫ് പോലീസ് ൻറെ 20-01-2024 തീയതിലെ A5-59793/2023/TC നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ : H1-5470/2024/TC തീയതി. 25-03-2024**

ശ്രീ അരുൺ വിജയ് .വി, CPO 17524 (PEN 784619) ന മേൽ സൂചന 1 പ്രകാരം യുണൈറ്റഡ് കിങ്ഡം ആസ്ഥാനമായുള്ള വിദേശ സർവകലാശാലയിൽ ഉന്നതപഠനത്തിനായി മേൽ സർക്കാർ ഉത്തർവ് തീയതി മുതൽ 30.09.2023 വരെ ഒരു വർഷത്തേക്ക് ശൂന്യവേതനവധി അനുവദിക്കുകയുണ്ടായി. എന്നാൽ ടിയാൻ വിർജീനിയ ആസ്ഥാനമായുള്ള സ്ഥാപനത്തിൽ ജോലി ലഭിച്ചതിനെ തുടർന്ന 30.09.2023 മുതൽ 4 വർഷത്തേക്ക് വിദേശത്തു ജോലി ചെയ്യുന്നതിന് ശൂന്യവേതനാവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 06.10.2023 തീയതി അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന ടി അപേക്ഷ ബഹുമാനപ്പെട്ട സംസ്ഥാന പോലീസ് മേധാവിക്കു അയച്ചു നല്കിയിരുന്നു. എന്നാൽ ടിയാൻ വിദേശ സർവകലാശാലയിൽ പഠനത്തിനായി സർക്കാർ അനുവദിച്ച അവധിയിൽ ഇരിക്കെയാണ് വിർജീനിയ ആസ്ഥാനമായുള്ള സ്ഥാപനത്തിൽ ജോലി ലഭിച്ചതിനെ തുടർന്ന 4 വർഷത്തെ ശൂന്യവേതനാവധിക്കു അപേക്ഷിച്ചിരുന്നതായും, കേരള സർവീസ് റൂൾസ് Appendix XII B (v ) പ്രകാരം പഠനത്തിനായി അനുവദിച്ച അവധി സംയോജിതമായോ മറ്റൊരു അവധിയുടെ തുടർച്ചയയോ അനുവദിക്കാവുന്നതല്ലെന്നും ബഹുമാനപ്പെട്ട സംസ്ഥാന പോലീസ് മേധാവി അറിയിച്ചതിൻറെ അടിസ്ഥാനത്തിൽ അടിയന്തരമായി ജോലിയിൽ തിരികെ പ്രവേശിക്കാൻ കമാൻഡൻറ് ഡി എച്ച് ക്യൂ മുഖാന്തിരം ടിയാനെ അറിയിക്കുന്നതിനായി 16.12.2023 തീയതിയിൽ നോട്ടീസ് അയക്കുകയുണ്ടായി. എന്നാൽ കമാൻഡൻറിൻറെ സൂചന (3) പ്രകാരമുള്ള റിപ്പോർട്ട് പ്രകാരം ടിയാൻ നിലവിൽ വിദേശത്തു ജോലി ചെയ്തുകൊണ്ടിരിക്കുന്നതിനാൽ നോട്ടീസ് ടിയാന് നല്കുവാൻ സാധിച്ചിട്ടില്ല. തുടർന്ന് കേരള പോലീസ് മാനുവൽ 147 വകുപ്പനുസരിച്ച് സൂചന (4) പ്രകാരം ടിയാനെ 1.10.2023 മുതൽ പോലീസ് സേനയിൽ നിന്നും ഒളിച്ചോടിപോയവനായി (Deserter) *പ്രഖ്യാപിച്ചിട്ടുള്ളതാണ്.*

പ്രസ്തുത റിപ്പോർട്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രീ അരുൺ വിജയ് .വി, സി പി ഓ 17524 ൻറെ ഭാഗത്തുനിന്നുമുണ്ടായ ടി പ്രവൃത്തി സർക്കാർ ജീവനക്കാർ അവധിയിൽ പ്രവേശിക്കുമ്പോൾ പാലിക്കേണ്ട ചട്ടങ്ങളുടെ നഗ്നമായ ലംഘനമാണെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

അച്ചടക്കസേനയിലെ ഉത്തരവാദിത്തപ്പെട്ട ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ ശ്രീ. അരുൺ വിജയ് .വി, സി പി ഓ 17524 ൻറെ ടി പ്രവർത്തി ഗുരുതരമായ കൃത്യവിലോപമായതിനാൽ 1958-ലെ

പോലീസ് സ്റ്റേഷൻ, പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

25-03-2024

നിധിൻരാജ് പി ഐ.പി.എസ് ,

ഡെപ്യൂട്ടി പോലീസ് കമ്മീഷണർ

സ്വീകർത്താവ് : ശ്രീ. അരുൺ വിജയ് .വി, സി പി ഓ 17524 (പെൻ 784619) ( കമാൻഡന്റ് , തിരുവനന്തപുരം സിറ്റി ഡി എച്ച് ക്യൂ മുഖാന്തിരം) (വിജയഭവനം, ശ്രീ ഭദ്ര നഗർ , ശ്രീകാര്യം പി.ഓ, തിരുവനന്തപുരം ജില്ല)

പകർപ്പ് :

1. കമാൻഡന്റ്, തിരുവനന്തപുരം സിറ്റി ഡി.എച്ച്.ക്യൂ. ( രണ്ടു പകർപ്പ് സഹിതം) വിനു നല്കുന്നു. ഒരു പകർപ്പ ശ്രീ. അരുൺ വിജയ് വി, സി പി ഓ 17524 നു നൽകി മറുപകർപ്പിൽ ടിയാൻറെ തീയതി വച്ച കയ്യൊപ്പോടുകൂടി തിരികെ നൽകേണ്ടതാണ്.
2. പോലീസ് ഇൻസ്പെക്ടർ കരമന പോലീസ് സ്റ്റേഷൻ. കുറ്റാരോപണ മെമ്മോ 7 ദിവസത്തിനകം അംഗീകാരത്തിനായി സമർപ്പിക്കുക.
3. സീനിയർ എഎ , മാനേജർ, അക്കൌണ്ട്സ് ഓഫീസർ, ജെഎസ് 1 / ജെഎസ് 2 / ജെഎസ് 6 & A 5, A 11,A6, A1 സെക്ഷനുകൾ അറിവിലേയ്ക്കായി..
4. സൈബർ സെൽ, സിറ്റി പോലീസ് കാര്യാലയത്തിൻറെ വെബ് സൈറ്റ്ൽ പബ്ലിഷ് ചെയ്യുന്നതിനായി